# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2717 — 12.10.2011 ൽ മറുപടിയ്ക്ക്

### പുന്നപ്ര സഹകരണ ആശുപത്രി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) | കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ ഭാഗിക സഹായത്തോടെ ആരംഭിച്ച പുന്നപ്ര സഹകരണ ആശുപത്രിയിൽ 2010 സെപ്തംബർ ഒന്നു മുതൽ 2011 സെപ്തംബർ 30 വരെ ഒ.പി., ഐ.പി വിഭാഗങ്ങളിൽ ചികിത്സ തേടിയ രോഗികൾ എത്രയെന്നും അതിൽ നിന്നും ലഭിച്ച വരുമാനം എത്രയെന്നും അറിയിക്കുമോ; | (എ) 2010 സെപ്തംബർ ഒന്നു മുതൽ 2011 സെപ്തംബർ 30 വരെ പുന്നപ്ര സഹകരണ ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ 58713 രോഗികളും, ഐ.പി വിഭാഗത്തിൽ 2836 രോഗികളും ചികിത്സ തേടി. അതിൽ നിന്നും 2,91,05,533.58 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയെ തകർക്കാൻ സ്വകാര്യ ആശുപത്രി ലോബികൾ നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയാ സാമഗ്രികൾ ലഭ്യമാക്കിയിട്ടുണ്ടോ; | (സി) ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) കെട്ടിടം പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ